**March: 08**

## വിഷയം: മൂലധനം

**ബാങ്ക് ചെയർമാനും ജനറൽ മാനേജരും ഇന്ന് തിരുവനന്തപുരത്തെത്തി സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ നേരിൽ ചെന്നു കണ്ട് കേരള ഗ്രാമീണ ബാങ്കിന്റെ മൂലധന അപര്യാപ്തത വിഷയം സംസാരിച്ചു. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് നിലപാട് വ്യക്തമാക്കിയതാണെന്നും പൊതുമേഖലയെ സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ നയ മെന്നും മുഖ്യമന്ത്രി വ്യക്തമാക്കി എന്നാണറിയുന്നത്.**

**കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും പൊതു മേഖല സ്ഥാപനങ്ങളെ സംരക്ഷിക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞബദ്ധമാണെന്നും ആവശ്യമായ നിർദേശങ്ങൾ ധനകാര്യ വകുപ്പിന് നൽകാമെന്നും മുഖ്യമന്ത്രി ബാങ്ക് അധികാരികളെ അറിയിച്ചു.**

**കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാന സർക്കാരിന് കത്ത് കിട്ടിയ ഉടൻ തന്നെ നാം ധനകാര്യ വകുപ്പിൽ ബന്ധപ്പെട്ടിരുന്നു.**

**ജനറൽ സെക്രട്ടറി**
KGB **എംപ്ലോയീസ് യൂണിയൻ**
KGB **ഓഫീസേഴ്സ് യൂണിയൻ**